*പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം, ഹയർസെക്കൻററി വിഭാഗം, ഹൗസിങ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE_HSE/2022** **27/09/2022**

# സർക്കുലർ

**വിഷയം: പ്ലസ്‌വൺ ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനായുള്ള വേക്കൻസി പ്രസിദ്ധീകരണം, അപേക്ഷ സമർപ്പണം സംബന്ധിച്ച് : നിർദ്ദേശങ്ങൾ.**

സൂചന : 1) 2022-23 ലെ പ്രോസ്പക്ടസ്

നിലവിലുള്ള വേക്കൻസി ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി 2022 സെപ്തംബർ 28 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. ഇതുവരെ ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വാട്ടയിലോ, സ്പോർട്സ് ക്വാട്ടയിലോ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഒന്നാം ഓപ്ഷനിലാണ് പ്രവേശനം നേടിയതെങ്കിൽ പോലും ട്രാൻസ്ഫറിന് അപേക്ഷിക്കാവുന്നതാണ്. അധിക സീറ്റ് സൃഷ്ടിച്ച് പ്രവേശനം നൽകിയിട്ടുള്ള വിദ്യാർത്ഥികൾക്ക് (വിഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ) സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിൽ അപേക്ഷിക്കുവാൻ സാധിക്കുകയില്ല. അതുപോലെ തന്നെ ഒരു ജില്ലയിൽ പ്രവേശനം നേടിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി മറ്റൊരു ജില്ലയിൽ പോയവർക്ക് തിരിച്ച് അതേ ജില്ലയിലേയ്ക്ക് ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയില്ല.

**ജില്ലയ്ക്കകത്തോ / മറ്റ് ജില്ലയിലേയ്ക്കോ സ്കൂൾ മാറ്റത്തിനോ , കോമ്പിനേഷൻ മാറ്റത്തോടെയുള്ള സ്കൂൾ മാറ്റത്തിനോ കാൻഡിഡേറ്റ് ലോഗിനിലെ Apply for School/Combination Transfer എന്ന ലിങ്കിലൂടെ 2022 സെപ്തംബർ 28 ന് ഉച്ചയ്ക്ക് 1 മണി മുതൽ 2022 സെപ്തംബർ 29 ന് വൈകിട്ട് 4 മണി വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.**

വിദ്യാർത്ഥികൾക്ക് പ്രവേശനം നേടിയ സ്കൂളിൽ തന്നെ മറ്റൊരു കോമ്പിനേഷനിലേക്കോ,മറ്റൊരു സ്കൂളിലെ അതേ കോമ്പിനേഷനിലേക്കോ മറ്റൊരു സ്കൂളിലെ മറ്റൊരു കോമ്പിനേഷനിലേക്കോ അപേക്ഷ നൽകാം. മാറ്റം ആവശ്യപ്പെടുന്ന സ്കൂളോ കോമ്പിനേഷനോ വിദ്യാർത്ഥി ആദ്യം സമർപ്പിച്ച അപേക്ഷയിൽ ഓപ്ഷനായി ആവശ്യപ്പെട്ടിരിക്കണമെന്നില്ല. ഒന്നിലധികം സ്കൂളുകളിലേയ്ക്കും കോമ്പിനേഷനുകളിലേയ്ക്കും മാറ്റത്തിനായി ഓപ്ഷനുകൾ നൽകാവുന്നതാണ്. മുൻഗണനാക്രമത്തിലാണ് ഓപ്ഷനുകൾ നൽകേണ്ടത്. **മാറ്റം ലഭിച്ചാൽ പ്രവേശനം നേടാൻ താൽപ്പര്യമുള്ള സ്കൂളുകളും കോമ്പിനേഷനുകളും മാത്രം വിദ്യാർത്ഥികൾ ഓപ്ഷനായി നൽകുക. ഓപ്ഷനായി നൽകുന്ന സ്കൂൾ കോഡ്, കോഴ്സ് കോഡ് എന്നിവയിൽ തെറ്റ് വരാതെ അതീവ ശ്രദ്ധ നൽകേണ്ടതാണ്. സ്കൂൾ മാറ്റം ലഭിച്ചാൽ വിദ്യാർത്ഥി നിർബന്ധമായും പുതിയ സ്കൂളിലേയ്ക്ക് മാറണം.** പ്രസിദ്ധീകരിക്കുന്ന ഒഴിവുകൾ കൂടാതെ സ്കൂൾ/കോമ്പിനേഷൻ മാറ്റങ്ങൾ മൂലമുണ്ടാകുന്ന ഒഴിവുകളിലേയ്ക്കും വിദ്യാർത്ഥികൾ അപേക്ഷ നൽകിയിട്ടുള്ള പക്ഷം മാറ്റം അനുവദിക്കും. അതായത് വിദ്യാർത്ഥി മാറ്റം ആഗ്രഹിക്കുന്ന ഏതൊരു സ്കൂളിലേയ്ക്കും നിലവിൽ ഒഴിവുകളില്ലെങ്കിലും അപേക്ഷ നൽകാവുന്നതാണ്.പ്രസ്തുത സ്കൂളിൽ നിന്നും ഏതെങ്കിലും വിദ്യാർത്ഥി സ്കൂൾ മാറ്റത്തിലൂടെ പോകുന്ന ഒഴിവു വന്നാൽ ആ ഒഴിവിലേയ്ക്ക് മുകളിൽ സൂചിപ്പിച്ച അപേക്ഷ പരിഗണിക്കും.

കാൻഡിഡേറ്റ് ലോഗിനിലെ "Apply for School/Combination Transfer" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ദൃശ്യമാകുന്ന ഓപ്ഷനുകൾ ചേർക്കാനുള്ള ബോക്സിൽ വിദ്യാർത്ഥി മാറ്റത്തിനായി ഉദ്ദേശിക്കുന്ന സ്കൂളുകളും കോമ്പിനേഷനുകളും മുൻഗണനാ ക്രമത്തിൽ സെലക്ട് ചെയ്ത് സബ്മിറ്റ് ചെയ്യുക. **അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓപ്ഷനുകൾ സ്കൂളിന്റെ പേര് , കോഴ്സ് എന്നിവ ഒരിക്കൽ കൂടി പരിശോധിച്ച് ഉറപ്പാക്കി വേണം കൺഫർമേഷൻ നൽകേണ്ടത്.** സ്കൂൾ ട്രാൻസ്ഫറും കോമ്പിനേഷൻ ട്രാൻസ്ഫറും ഒരുമിച്ചായിരിക്കും പ്രോസസ് ചെയ്യുന്നത്.

ജില്ല/ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള ഓപ്പൺ വേക്കൻസി വിവരങ്ങൾ **2022 സെപ്തംബർ 28 ന് ഉച്ചയ്ക്ക് 1** മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ കാൻഡിഡേറ്റ് ലോഗിനിലൂടെ **2022 സെപ്തംബർ 28 ന് ഉച്ചയ്ക്ക് 1 മണി മുതൽ 2022 സെപ്തംബർ 29 ന് വൈകിട്ട് 4 മണി വരെ വരെ** ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറ് പ്രകാരമുള്ള പ്രവേശനം **2022 ഒക്ടോബർ 1 ന്** ആരംഭിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**